**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാമിഷൻ പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 1709/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 23.06.2012.

---

പരാമർശം:-
1) 21.01.2012-ലെ സ.ഉ.(സാധാ.) നം.246/12/ത.സ്വ.ഭ.വ.
2) 13.06.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.13-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ആഭിമുഖ്യത്തിൽ അവശതയനുഭവിക്കുന്ന ജന വിഭാഗങ്ങൾക്ക് വേണ്ടി ക്യാൻസർ സുരക്ഷ, താലോലം, കോക്ലിയർ ഇംപ്ലാന്റേഷൻ മുതലായ പദ്ധതികൾ നടപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കാലാനുസൃതമായ വർദ്ധനവോടെ സംഭാവന നൽകുന്നതിന് അനുമതി നൽകണമെന്ന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാമിഷന്റെ ആഭിമുഖ്യത്തിൽ അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി **ജില്ലാ പഞ്ചായത്ത് / കോർപ്പറേഷൻ 25 ലക്ഷം രൂപ (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) ഗ്രാമ പഞ്ചായത്തുകൾ 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** പരമാവധി നിരക്കിൽ ഈ വർഷം സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ലഭ്യമാക്കുന്നതിലേയ്ക്കായി)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്).
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. **(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ